I. പ്രാരംഭ വാക്ക്: ദൈവത്തിന്റെ ഭരണനിർവഹണം നടപ്പാക്കുന്നതിനും ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥ നിവർത്തിക്കുന്നതിനും, സൃഷ്ടിപ്പ്, ജഡാവതാരം, മനുഷ്യജീവിതം, ക്രൂശുമരണം, പുനരുത്ഥാനം എന്നീ പ്രക്രിയയിലൂടെ ദൈവവും മനുഷ്യനും, സ്രഷ്ടാവും സൃഷ്ടിയും, വീണ്ടെടുപ്പുകാരനും, രക്ഷകനും, ജീവൻ-നൽകുന്ന ആത്മാവും എന്നീ നിലകളിൽ അവന്റെ സ്വർഗീയ സ്ഥാനത്തിലേക്കുള്ള അവന്റെ പ്രതിഷ്ഠാപനമാണ് മനുഷ്യ-രക്ഷകന്റെ ആരോഹണം [S.S 4:8] കാന്തേ ലെബാനോനെ വിട്ടു എന്നോടുകൂടെ, ലെബാനോനെ വിട്ടു എന്നോടുകൂടെ വരിക; അമാനാമുകളും ശെനീർ ഹെർമ്മോൻ കൊടുമുടികളും സിംഹങ്ങളുടെ ഗുഹകളും പുള്ളിപ്പുലികളുടെ പർവ്വതങ്ങളും വിട്ടുപോരിക.

II. ഉൾകാഴ്ച: കർത്താവിന്റെ ആരോഹണത്തിന്റെ വസ്തുനിഷ്ഠമായ വശം നാം കാണേണ്ടതാവശ്യമാണ്

- കർത്താവിന്റെ ആരോഹണം അവനെ: ① തേജസ്സും (യേശുവിന്റെ വ്യക്തിയോടു ബന്ധപ്പെട്ട പ്രതാപം) ബഹുമാനവും (യേശുവിന്റെ മൂല്യത്തോടു ബന്ധപ്പെട്ട വിലമതിപ്പ്) കൊണ്ട് കിരീടമണിയുവാൻ ഇടയാക്കി; ② ക്രിസ്തുവിനുള്ളിൽനിന്നും ക്രിസ്തുവിലൂടെയും മുഴുവൻ പ്രപഞ്ചത്തിന്റെയും ഭരണനിർവഹണം നടത്തുവാൻ ദൈത്തിന്റെ സിംഹാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കുവാൻ ഇടയാക്കി. അവൻ നിസ്തുലനായ ഭരണകർത്താവും രാജാധിരാജാവും കർത്താധികർത്താവും ആണ്; അവൻ ഭൂമിയിലെ രാജാക്കന്മാരുടെ ഭരണാധികാരിയാണ്. അവന്റെ പ്രാപഞ്ചിക ഭരണനിർവഹണത്തിൽ, അവൻ ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥ നിർവഹിക്കുന്നത് പുതിയ യെരൂശലേമിൽ പരിണമിക്കുന്ന അവന്റെ ശരീരമായ സഭ പണിയുവാൻ അവന്റെ പുനരുല്പാദനത്തിനുവേണ്ടി അവനെത്തന്നെ പ്രചരിപ്പിക്കുന്നതിലൂടെയാണ്; ③ ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു, തന്റെ ആരോഹണത്തിൽ മനുഷ്യ-രക്ഷകൻ സർവവും കൈവശമാക്കുവാൻ കർത്താവാക്കപ്പെട്ടു; അവൻ ഇപ്പോൾ മുഴുവൻ പ്രപഞ്ചത്തെയും, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെയും, എല്ലാ അനുലോമ കാര്യങ്ങളെയും വിഷയങ്ങളെയും വ്യക്തികളെയും കൈവശമാക്കുന്ന കർത്താവാണ്. അവന്റെ പുനരുത്ഥാനത്തിലും ആരോഹണത്തിലും നാം ഇപ്പോൾ ക്രിസ്തുവുമായി ഒന്നാണ്; തൽഫലമായി, നമുക്ക് പുനരുത്ഥാനത്തിൽ ജീവനും ശക്തിയും, ആരോഹണത്തിൽ അധികാരവും ഉണ്ട്; നമ്മുടെ കർത്താവിനെ നാം ബന്ധപ്പെടുമ്പോൾ, അവൻ എന്താണെന്നതിന്റെ സാക്ഷാൽക്കാരം, അവന്റെ പദവിയുടെയും സ്ഥാനത്തിന്റെയും ഉദ്യോഗത്തിന്റെയും സാക്ഷാൽക്കാരം നമുക്കുണ്ടായിരിക്കണം. [Heb. 2:9] എന്നാൽ...മരണത്തിന്റെ കഷ്ടത നിമിത്തം ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തപ്പെട്ട യേശുവിനെ, മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിയിച്ചിരിക്കുന്നതായി നാം കാണുന്നു. [Heb. 12:2] നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു. [Acts. 2:36] അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ,ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ. [Heb. 1:9] നീ നീതിയെ സ്നേഹിച്ചും അധർമത്തെ വെറുത്തുമിരിക്കുന്നു; അതുകൊണ്ട്, ദൈവം, നിന്റെ ദൈവം, നിന്റെ കൂട്ടാളികൾക്കു മീതെ നിന്നെ ഹർഷോന്മാദത്തിൻ എണ്ണകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു" എന്നും.

III. അനുഭവം: കർത്താവിന്റെ ആരോഹണത്തിന്റെ വ്യകതിനിഷ്ഠമായ വശം നാം കാണേണ്ടതാവശ്യമാണ്

- ക്രിസ്തു തന്റെ സർവ്വാതീതമായ ആരോഹണത്തിൽ പാതാളത്തിനും, ഭൂമിക്കും, ആകാശത്തിനും, സ്വർഗത്തിനും അതീതമാണ്. അവൻ സ്വർഗാധിസ്വർഗത്തിനും അത്യന്തം മീതെയാണ്, ആരോഹണം ചെയ്ത ക്രിസ്തുവിന് ദൈവം ഒരു വലിയ സമ്മാനം നൽകി—എല്ലാറ്റിലും മീതെയുള്ള തലയായ്മ; ദൈവം ക്രിസ്തുവിനു എന്തായിരിക്കുവാൻ നൽകിയോ അത് സഭയ്ക്കാണ്; അത് സഭയിലേക്ക് പ്രസരിപ്പിക്കുകയും, സഭ അതിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. ക്രിസ്തുവിൽ നാലു പടികളിൽ തന്റെ ശക്തിയെ വ്യാപരിക്കുവാൻ ദൈവം ഇടയാക്കി: ① മരിച്ചവരിൽനിന്നും അവനെ ഉയർപ്പിക്കുന്നതിൽ; ② സ്വർഗീയങ്ങളിൽ അവന്റെ വലതുഭാഗത്ത് അവനെ ഇരുത്തുന്നതിൽ; ③ സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുന്നതിൽ; ④ എല്ലാറ്റിനും മീതെ തലയാക്കി അവനെ സഭയ്ക്ക് നൽകുന്നതിൽ. ദൈവം, ക്രിസ്തുവിനെ അവന്റെ ആരോഹണത്തിൽ അവന്റെ ശരീരമായ സഭയുടെ തലയാക്കി. ശരീരം ദിവ്യജീവനിലും ദിവ്യാത്മാവിലും തലയുമായി ഒന്നാണ്. ഈ ദിവ്യ കാര്യത്തിൽ സ്ഥലത്തിന്റെ മൂലകമോ സമയത്തിന്റെ മൂലകമോ ഇല്ല. ദിവ്യ വീക്ഷണമനുസരിച്ച് ആരോഹണം ചെയ്ത ക്രിസ്തുവുമായി നാം ഒന്നാണ്, അവന്റെ ആരോഹണം നമ്മുടെയും ആണ്.

ഇവിടെ ഈ ആരോഹണത്തിൽ അവന്റെ നിറവിൽ നാം അവനെ ആവിഷ്കരിക്കുന്നു; സർവാതീതനായ ക്രിസ്തു ത്രിയേക ദൈവത്തിന്റെ ദേഹരൂപമായതിനാൽ, അവന്റെ ആവിഷ്കാരത്തിനുവേണ്ടി നമ്മെ ക്രിസ്തുവിന്റെ നിറവാക്കുവാൻ അവന്റെ സർവാതീതമായ പ്രസരണത്തിൽ ത്രിയേക ദൈവത്തിന്റെ സമ്പന്നമായ പകർച്ച ഉൾപ്പെടുന്നു. [Eph. 1:19] അവന്റെ ബലത്തിൻ പ്രഭാവത്തിന്റെ വ്യാപാരത്തിനൊത്തവണ്ണം, വിശ്വസിക്കുന്നവരായ നമ്മോടുള്ള അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം എന്തെന്നും നിങ്ങൾ അറിയേണ്ടതിനും തന്നെ. [Eph. 1:20] അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,...(ഇരുത്തുകയും ചെയ്തു) [Eph. 1:22] സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി. [Eph. 1:23] എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

- ദൈവസന്നിധിയിൽ നമ്മെ വഹിക്കുവാനും നമ്മുടെ എല്ലാ ആവശ്യങ്ങൾക്കുംവേണ്ടി കരുതുവാനും തന്റെ ആരോഹണത്തിൽ ക്രിസ്തുവിനെ സ്വർഗത്തിൽ നമ്മുടെ മഹാപുരോഹിതനാക്കി; അവന്റെ ആരോഹണത്തിൽ അവനെ തന്റെ പൗരോഹിത്യ ഉദ്യോഗസ്ഥാനത്തിലേക്ക് സ്ഥാനാരോഹിതനാക്കി. ഒരുവശത്ത്, ക്രിസ്തു സഭകൾക്കുവേണ്ടി സ്വർഗത്തിൽ മധ്യസ്ഥത ചെയ്യുന്ന മഹാപുരോഹിതനാണ്; മറുവശത്ത്, അവൻ സഭകൾക്കുവേണ്ടി കരുതുന്നതിന് സഭകളിൽ നീങ്ങുന്ന മഹാപുരോഹിതനാണ്; വെളിപ്പാട് 1:13-ൽ ക്രിസ്തുവിനെ പാദത്തോളം എത്തുന്ന വസ്ത്രമുള്ള പൗരോഹിത്യ അങ്കിയാൽ കാണുന്നതുപോലെ അവനെ മഹാപുരോഹിതനായി ചിത്രീകരിക്കുന്നു. വെളിപ്പാട് 8-ൽ സ്വർണ ധൂപപീഠത്തിങ്കൽ ധൂപമർപ്പിക്കുന്ന പുരോഹിതനായി ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു: "മറ്റൊരു ദൂതൻ സ്വർണ ധൂപകലശവുമായി വന്നു യാഗപീഠത്തിനരികിൽ നിന്നു; സിംഹാസനത്തിനു മുമ്പാകെയുള്ള സ്വർണ പീഠത്തിന്മേൽ സകല വിശുദ്ധന്മാരുടെയും പ്രാർഥനകളോടുകൂടെ അർപ്പിക്കേണ്ടതിന് വളരെ ധൂപവർഗം അവനു കൊടുത്തു". [Col. 1:18] അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; [Eph. 3:19] പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു. [Heb. 4:14] ആകയാൽ സ്വർഗത്തിലൂടെ കടന്നുപോയ ശ്രേഷ്ഠ മഹാപുരോഹിതനായി ദൈവപുത്രനായ യേശു ഉള്ളതുകൊണ്ട്, നമുക്ക് ഈ ഏറ്റുപറച്ചിൽ മുറുകെപ്പിടിക്കാം. [Rev. 8:3] മറ്റൊരു ദൂതൻ സ്വർണ ധൂപകലശവുമായി വന്നു യാഗപീഠത്തിനരികിൽ നിന്നു; സിംഹാസനത്തിനു മുമ്പാകെയുള്ള സ്വർണപീഠത്തിന്മേൽ സകല വിശുദ്ധന്മാരുടെയും പ്രാർഥനകളോടുകൂടെ അർപ്പിക്കേണ്ടതിന് വളരെ ധൂപവർഗവും അവനു കൊടുത്തു. [Rev. 1:13] നിലവിളക്കുകളുടെ മധ്യേ, പാദം വരെ നീളമുള്ള അങ്കി ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയും, മനുഷ്യപുത്രനു സദൃശനായ ഒരുവനെയും ഞാൻ കണ്ടു.

## IV. അനുഷ്ഠാനം: നാം കർത്താവിന്റെ ആരോഹണത്തിലാണെന്ന് നാം കാണേണ്ടതാവശ്യമാണ്

- മുഴുവൻ കൃപായുഗവും കർത്താവിന്റെ ആരോഹണത്തിന്റെ സമയമാണ്. ക്രിസ്തു ഇപ്പോഴും തന്റെ ആരോഹണത്തിൽ നീങ്ങുന്നു; അവൻ തന്റെ ആരോഹണത്തിൽ ജീവിക്കുകയും, വസിക്കുകയം, തങ്ങുകയും, ശുശ്രൂഷിക്കുകയും, സേവിക്കുകയും, വേലചെയ്യുകയും, പ്രവർത്തിക്കുകയും ചെയ്യുന്നു. അവൻ തന്റെ ആരോഹണത്തിൽ നമ്മുടെ ഉള്ളിൾ, നമ്മുടെ ആത്മാവിലുണ്ട്. ക്രിസ്തു ത്രിയേക ദൈവത്തിന്റെ ദേഹരൂപവും, നാം അവന്റെ ആരോഹണത്തിൽ ഈ ദേഹരൂപത്തിന്റെ ഭാഗങ്ങളും ആണ്. ഈ ആരോഹണത്തിൽ ത്രിയേക ദൈവം നമ്മിൽ നീങ്ങുന്നു, ഈ നീക്കം നമ്മുടെ ചരിത്രമായിത്തീരുന്നു. നാം അവന്റെ നാമത്തിലേക്ക് കൂട്ടിച്ചേർക്കപ്പെടുമ്പോഴെല്ലാം ക്രിസ്തു ആരോഹണത്തിൽ അവന്റെ എല്ലാ അവയവങ്ങളോടുംകൂടെ അവിടെ ഉണ്ട്; ഇതാണ് മനുഷ്യന്റെ ഉള്ളിലുള്ള ദൈവത്തിന്റെ നീക്കം. [Eph. 2:6] അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു. [Col. 1:27] അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ. [Col. 3:1] ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുവിൻ.